(സി) സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)നമ്പർ 16889/2015(1) കേസ് നിലനിൽക്കുന്നുണ്ട്. 16-6-2015 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) നം. 16889/2015(1) കേസിൽ 19-6-2015-ൽ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ കോടതി തെരഞ്ഞെടുപ്പ് നടപടികളിൽ ഇടപെടുന്നില്ല എന്നും തെരഞ്ഞെടുപ്പ് നേരത്തെ തീരുമാനിച്ചതിൻപ്രകാരംതന്നെ നടത്താവുന്നതാണെന്നും തെരഞ്ഞെടുപ്പ് ഫലം റിട്ട് പെറ്റിഷന്റെ വിധിക്ക് വിധേയമായിരിക്കുമെന്നും ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും നടത്തിയിട്ടുള്ളത്. കേസിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ 8-6-2015, 25-6-2015 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

വായ്പാ പലിശ നിരക്ക്

91 (3245) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കൈത്തറിവ്യവസായവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെയാ വായ്പകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തൊക്കെയാ;

(സി) ഏതൊക്കെയാ തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്;

(ഡി) ഏത് തീയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15 ശതമാനമായും, സർഫ്ഫാസിയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12 ശതമാനമായും, നിജപ്പെടുത്തികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ്, മോർട്ട്ഗേജ്/ട്രസ്റ്റത്ത് വാങ്ങാൻ, സാധാരണ വായ്പാ, ബിസിനസ് വായ്പ, വ്യവസായ വായ്പ, സ്വർണ്ണപ്പണയ വായ്പ എന്നിവയ്ക്ക് 30-5-2014 മുതൽ പലിശ നിരക്ക് കുറച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കുമാണ് ഈ നിരക്കുകൾ ബാധകമായിട്ടുള്ളത്.

(ഡി) പുതുക്കിയ വായ്പാ പലിശ നിരക്കുകൾക്ക് 30-5-2014 മുതലാണ് പ്രാബല്യമുള്ളത്.

കേപ്പ് എടുത്തിട്ടുള്ള വായ്പകൾ

92 (3246) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേപ്പിന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് നൽകുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിൽ നിന്നും കേപ്പ് വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വായ്പയായി എടുത്തത്; എന്നാണ് വായ്പ എടുത്തത്; പണയമായി നൽകിയത് എന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 74.86 കോടി രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. ഈടായി നൽകിയ കൊച്ചി മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനവും സർക്കാർ ഏറ്റെടുത്തതുകൊണ്ട്.

(സി) ഇല്ല. ക്യാഷ് ക്രെഡിറ്റ് അക്കൗണ്ട് ആരംഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly